## The Faculty Improvement Program

ONE DAY WORKSHOP













ഫാക്കൽട്ടി ഇമ്പ്രൂവ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ നടത്തിയ ഏകദിന ശില്പശാല മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ ടി കെ പ്രേമലത ഉദ്ഘാടനം ചെയ്തു. ഫാക്കൽട്ടി ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം നോഡൽ ഓഫീസർ ഡോ കെ ടി മാധവൻ അധ്യക്ഷനായിരുന്നു. മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ കെ സുദീപ്, എമർജൻസി മെഡിസിൻ വിഭാഗം മേധാവി ഡോ ജി സുരേഷ്, ഡോ കെ രമേശൻ എന്നിവർ സംസാരിച്ചു. അക്കാദമിക് വിഷയങ്ങൾക്ക് പുറമേ, കേരളാ സർവീസ് റൂൾസ് സംബന്ധിച്ച് ഹരിദാസ് കോഴിക്കോടും, വിവരാവകാശ നിയമം വിഷയത്തിൽ ലളിത് ബാബുവും സംസാരിച്ചു.വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി സംസാരിച്ചവർക്ക് പ്രിൻസിപ്പാൾ ഡോ ടി കെ പ്രേമലത ഉപഹാരം നൽകി. ഡോക്ടർമാർ, നേഴ്സുമാർ ഉൾപ്പടെ തിരഞ്ഞെടുക്കപ്പെട്ട 100 പേരാണ് ശില്പശാലയിൽ പങ്കെടുത്തത്.